# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 4**

---

## വിദ്യാർഥിക്ക് പരീക്ഷയെഴുതാൻ അനുമതി നൽകിയത് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ- രജിസ്ട്രാർ

*എടത്വ സെന്റ് അലോഷ്യസ് കോളജ് വിദ്യാർഥി ശ്രീജിത്ത് സുഭാഷിന് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ എഴുതുന്നതിന് സർവകലാശാല അനുമതി നൽകിയതെന്ന് രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ അറിയിച്ചു. സിബിസിഎസ് ബിഎസ്സി ഗണിതശാസ്ത്ര(മോഡൽ 1) വിദ്യാർഥിയായ ശ്രീജിത്തിനെ കോളജ് പുറത്താക്കിയതിനെത്തുടർന്ന് ഹൈക്കോടതിയെ സമീപിച്ച് ഇടക്കാല വിധി നേടുകയായിരുന്നു. ഇതേത്തുടർന്ന് അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകൾ യഥാക്രമം എടത്വ സെന്റ് അലോഷ്യസ് കോളജിലും തിരുവല്ല മാർതോമ കോളജിലും എഴുതിയിരുന്നു.*

*ഈ സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷകൾ എഴുതുന്നതിനും ആറാം സെമസ്റ്ററിലെ പ്രോജക്ട് വൈവ പരീക്ഷയിൽ പങ്കെടുക്കുന്നതിനും പ്രത്യേക അനുമതി തേടി വിദ്യാർഥി വൈസ് ചാൻസലർക്ക് അപേക്ഷ നൽകിയിരുന്നു. മെയ് 14ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഹൈക്കോടതിയുടെ ഉത്തരവ് പരിഗണിച്ച് ശ്രീജിത്തിന് അഞ്ച്, ആറ് സെമസ്റ്ററുകളിലെ ഇന്റേണൽ പരീക്ഷ എഴുതുന്നതിനും ആറാം സെമസ്റ്ററിലെ പ്രോജക്ട് വൈവ പരീക്ഷയിൽ പങ്കെടുക്കുന്നതിനും അനുമതി നൽകുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോളജ് പ്രിൻസിപ്പലിനോട് നിർദേശിക്കുന്നതിനും തീരുമാനിക്കുകയായിരുന്നു.*

*ഈ പരീക്ഷകൾ ഉടൻ ഇല്ലാത്ത സാഹചര്യത്തിൽ തനിക്ക് പ്രത്യേകമായി ഇന്റേണൽ പരീക്ഷയും പോജക്ട് വൈവയും എഴതുവാൻ അനുമതി തേടി ശ്രീജിത്ത് വൈസ് ചാൻസലർക്ക് അപേക്ഷ നൽകി. ഇതേത്തുടർന്ന് സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനവുമായി ബന്ധപ്പെട്ട തുടർ നടപടികളെക്കുറിച്ച് കോളജിന്റെ വിശദീകരണം തേടി. കോളജ് നൽകിയ വിശദീകരണത്തിൽ സിൻഡിക്കേറ്റ് തീരുമാനം നടപ്പാ*

ക്കുന്നത് സംബന്ധിച്ച സൂചനകളില്ലാതിരുന്നതിനാൽ വിഷയം വീണ്ടും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദ്യാർഥികളുടെ ക്ഷേമവും പരാതിപരിഹാരവും സംബന്ധിച്ച സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട അന്വേഷണ കമ്മീഷനെ നിയോഗിച്ചു. അന്വേഷണ കമ്മീഷന്റെ ഹിയറിംഗിന് കോളജ് പ്രിൻസിപ്പൽ ഹാജരായില്ല. ഇതേത്തുടർന്ന് വിഷയം തുടർന്നും സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വിട്ടു. അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും സിൻഡിക്കേറ്റിന് സമർപ്പിച്ചിരുന്നു.

നവംബർ 14ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അന്വേഷണ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കാൻ തീരുമാനിച്ചു. വിദ്യാർഥിക്ക് അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളും ആറാം സെമസ്റ്ററിലെ പ്രോജക്ട് വൈവയും ഇന്റേണൽ അസസ്മെന്റും നടത്തി ഫലം പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ വിവരം സർവകലാശാലയെ അറിയിക്കാൻ കോളജ് പ്രിൻസിപ്പലിന് കർശന നിർദേശം നൽകാനും യോഗത്തിൽ തീരുമാനമായി.

ഇതേ ആവശ്യംഉന്നയിച്ച് മുൻപ് സർവകലാശാല പുറപ്പെടുവിച്ച ഉത്തരവ് പ്രിൻസിപ്പൽ നടപ്പിലാക്കാതിരുന്നത് കോളജ് മാനേജരുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും തുടർന്നും ഇത്തരം സമീപനം ആവർത്തിച്ചാൽ കോളജ് പ്രിൻസിപ്പലിന്റെ നിയമാനാംഗീകാരം റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കോളജ് മാനേജരെ അറിയിക്കുന്നതിനും സർവകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തിരുന്നതായി രജിസ്ട്രാർ പറഞ്ഞു.

(പി.ആർ.ഒ/39/1099/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎസ്സി അനലിറ്റിക്കൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

(പി.ആർ.ഒ/39/1100/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

എംഎ സിറിയക്ക് (സിഎസ്എസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്)

*പരീക്ഷകൾക്ക് ഡിസംബർ 12 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 13 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1100/2024)*

## പരീക്ഷാ തീയതി

*രണ്ടാം സെമസ്റ്റർ എൽഎൽഎം (2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി മൂന്നു മുതൽ നടക്കും*

*...............................*

*രണ്ടാം സെമസ്റ്റർ എൽഎൽബി (ത്രിവൽസര) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി മൂന്നു മുതൽ നടക്കും*

*(പി.ആർ.ഒ/39/1101/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ